# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5520** — 01.07.2019-ൽ **മറുപടിയ്ക്ക്**

## വനിതാസഹകരണ സംരംഭങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വനിതാസംരംഭകർക്ക് സഹകരണ സ്ഥാപനങ്ങൾ തുടങ്ങുവാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 4 മുതൽ 8 വരെയും ചട്ടം 3 അനുസരിച്ചുമുള്ള നിബന്ധനകൾക്ക് വിധേയമായാണ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകുന്നത്. വനിതാസംരംഭകർക്ക് സഹകരണ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും ഇതേ മാനദണ്ഡങ്ങൾ തന്നെയാണുള്ളത്. അപേക്ഷകർ വനിതകളും 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും 25 പേരിൽ കുറയാതെ വ്യത്യസ്ത കുടുംബത്തിൽപ്പെട്ടവരും ആയിരിക്കണമെന്ന് നിബന്ധനയുണ്ട്. അപേക്ഷയോടൊപ്പമുള്ള രജിസ്ട്രേഷൻ ഫീസ് വനിതാ സഹകരണ സംഘങ്ങൾക്ക് 500 രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) രജിസ്ട്രേഷൻ നടപടികൾ സഹകരണ നിയമ പ്രകാരമാണ്. മറ്റ് സർക്കാർ ഉത്തരവുകൾ ഇല്ല. |
| (സി) സഹകരണ സ്ഥാപനം ആരംഭിക്കുവാൻ വനിതകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) ഉണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 500/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനിതാ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ഫീസിൽ 50% ഇളവും പരമാവധി 50000/- രൂപയായും ചട്ടം 65 പ്രകാരം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**